## പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1903 | 10.03.2020 ൽ മറുപടിയ്ക്ക് |
|---|---|
| **ഹൈ-ടെക് അങ്കണവാടികൾ** | |
| ചോദ്യം | മറുപടി |
| **ശ്രീമതി.പി. അയിഷാ പോറ്റി** | **കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ മന്ത്രി)** |
| എ) ഹൈടെക്- അങ്കണവാടികൾ സ്ഥാപിക്കുന്നതിലൂടെ സാമൂഹ്യനീതി വകുപ്പ് ലക്ഷ്യമിട്ട കാര്യങ്ങൾ വിശദമാക്കുമോ: | എ) കുട്ടികളുടെ മാനസികവും ശാരീരികവുമായി വളർച്ചയ്ക്ക് ഊന്നൽ നൽകുന്നതിനുവേണ്ടി ആധുനിക സൗകര്യങ്ങൾ ഉറപ്പ് വരുത്തിയാണ് സ്മാർട്ട് (ഹൈടെക്ക്) അങ്കണവാടികൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. പഠനമുറി, വിശ്രമമുറി, അടുക്കള, സ്റ്റോർ റൂം, വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന തരത്തിലുള്ള ഹാൾ, പൂന്തോട്ടം, ഇൻഡോർ ഔട്ട്ഡോർ കളിസ്ഥലം തുടങ്ങി എല്ലാവിധ സൗകര്യങ്ങളും നിറവേറ്റുന്ന തരത്തിലാണ് പുതിയ അങ്കണവാടികൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. |
| ബി) ഹൈ-ടെക് അങ്കണവാടികൾ അനുവദിക്കുന്നതിന് നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ; | ബി) സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് ലഭ്യമായ സ്ഥലത്തിന്റെ വിസ്തൃതിയ്ക്ക് ആനുപാതികമായി ഒരു നിശ്ചിത തുക വകുപ്പ വിഹിതമായി അനുവദിക്കുമ്പോൾ, ബാക്കി തുക ബന്ധപ്പെട്ട LSGD/MLA വിഹിതമായി കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. |
| സി) കൊല്ലം ജില്ലയിൽ എത്ര സ്മാർട്ട് അങ്കണവാടികളുടെ നിർമ്മാണം പൂർത്തീകരിച്ചു; ഏതെല്ലാമാണ് പ്രസ്തുത അങ്കണവാടികൾ വിശദമാക്കുമോ? | സി) കൊല്ലം ജില്ലയിൽ നിലവിൽ സ്മാർട്ട് അങ്കണവാടികൾ അനുവദിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**